# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 873 06.06.2018-ൽ മറുപടിക്ക്

## ഭൂരഹിതരായ പട്ടിക വർഗ്ഗ കുടുംബങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എൻ. ഷംസുദ്ദീൻ :** | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്ത് ഭൂരഹിതരായ പട്ടിക വർഗ്ഗ കുടുംബങ്ങൾ എത്രയാണ് എന്നതിന്റെ കണക്ക് വകുപ്പിന്റെ കൈവശമുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ; | എ) യും ബി) യും | ഉണ്ട്. 01.06.2017-ാം വർഷം പട്ടികവർഗ്ഗ വികസന വകുപ്പ് ജില്ലാതല ഉദ്യോഗസ്ഥർ മുഖേന നടത്തിയ സർവ്വെ പ്രകാരം സംസ്ഥാനത്ത് 11,594 ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾ ഉള്ളതായി കണക്കാക്കിയിട്ടുണ്ട്. ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി നൽകുന്നതിനായി ഭൂമി വാങ്ങി നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ വനാവകാശ നിയമം 2006 പ്രകാരം ഭൂമിയുടെ കൈവശാവകാശ രേഖയും നൽകിവരുന്നു. ഇക്കാര്യങ്ങളുടെ വിശദ വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു. ഇതിനു പുറമെ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ലാന്റ് ബാങ്ക് ഉണ്ടാക്കി ഭൂമി വിതരണം നടത്തുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ട്. |
| ബി) | ഭൂരഹിതരായ പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി നൽകുവാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## ആദിവാസി പുനരധിവാസ വികസന മിഷൻ

ആദിവാസി പുനരധിവാസ വികസന മിഷന്റെ ലക്ഷ്യം ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് കൃഷിയോഗ്യവും, വാസയോഗ്യവുമായ കുറഞ്ഞത് ഒരേക്കർ ഭൂമി വീതം നൽകുകയെന്നതും പുനരധിവസിപ്പിക്കപ്പെട്ട സ്ഥലങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്യുകയും ജീവനോപാധികൾ ലഭ്യമാക്കുകയും ചെയ്യുകയെന്നതാണ്. ഫാമുകൾ, പൂട്ടിപോയ തോട്ടങ്ങൾ, മിച്ചഭൂമി എന്നിവ ഏറ്റെടുത്ത് വിതരണം ചെയ്യുകയാണ് മിഷന്റെ രൂപീകരണകാലത്ത് ചെയ്തത്.

സംസ്ഥാനത്ത് ഭൂരഹിതരായി 11,594 പേർ ഉള്ളതായാണ് പട്ടികവർഗ്ഗ വികസന വകുപ്പിൽ വിവിധ പ്രോജക്ട് ഓഫീസർമാർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. വിവിധ ജില്ലകളിലെ ഭൂരഹിതരായവരുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | ഭൂരഹിതരുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 27 |
| 2 | കൊല്ലം | 47 |
| 3 | പത്തനംതിട്ട | 190 |
| 4 | ആലപ്പുഴ | 290 |
| 5 | കോട്ടയം | 150 |
| 6 | ഇടുക്കി | 117 |
| 7 | എറണാകുളം | 234 |
| 8 | തൃശ്ശൂർ | 48 |
| 9 | പാലക്കാട് | 695 |
| 10 | മലപ്പുറം | 598 |
| 11 | കോഴിക്കോട് | 117 |
| 12 | വയനാട് | 8263 |
| 13 | കണ്ണൂർ | 264 |
| 14 | കാസർഗോഡ് | 554 |
| ആകെ | | 11,594 |

കേന്ദ്ര സർക്കാരിന്റെയും ബഹു. സുപ്രീം കോടതിയുടെയും അംഗീകാരം ലഭിച്ച കാസർഗോഡ്, കണ്ണൂർ, വയനാട്, മലപ്പുറം, പാലക്കാട് ജില്ലകളിലെ നിക്ഷിപ്ത വനഭൂമി (15,464.49 ഏക്കർ) വിതരണം ചെയ്യുന്ന നടപടി ത്വരിതപ്പെടുത്തുന്നതിനായി ടി ഭൂമി അളന്ന് തിരിക്കുന്നതിനായി സ്പെഷ്യൽ സർവ്വെ ടീം രൂപീകരിക്കുന്നതിനും അതിനാവശ്യമായ ഫണ്ട് റ്റി.ആർ.ഡി.എം മുഖേന നൽകുന്നതിനും സർക്കാർ ഉത്തരവായിട്ടുണ്ട് (സ.ഉ(സാധാ) 2023/2017/റവ തീയതി 27.04.2017, സ.ഉ(സാധാ) 3267/2017/റവ തീയതി 25.07.2017). പാലക്കാട് ജില്ലാ കളക്ടർക്ക് ഭൂമി സർവ്വേ നടത്തുന്നതിനായി ആദ്യ ഘട്ടത്തിൽ 1.5 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. മറ്റ് ജില്ലാ കളക്ടർമാർ ഇതുവരെയും തുകകൾ ആവശ്യപ്പെട്ടിട്ടില്ല. ഉദ്ദേശം 10000 ഏക്കർ ഭൂമി ഇത്തരത്തിൽ വിതരണം ചെയ്യുവാൻ കഴിയുന്നതാണ്. ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ ടി വിഷയത്തിന് പ്രത്യേക പ്രാധാന്യം നൽകി തുടർനടപടി സ്വീകരിച്ചാൽ കാസർഗോഡ്, കണ്ണൂർ, വയനാട്, മലപ്പുറം, പാലക്കാട് ജില്ലകളിലെ 10000 പേർക്ക് ഭൂമിയുടെ അവകാശം നൽകുവാൻ കഴിയുന്നതാണ്. മറ്റ് ജില്ലകളിലുള്ള 1200 ഓളം ഭൂരഹിതർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതിയിലൂടെയും ഭൂമി നൽകുവാൻ കഴിയുന്നതാണ്.

<u>റ്റി.ആർ.ഡി.എം. മുഖേന ഇതുവരെ ഭൂമി വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.</u>

റ്റി.ആർ.ഡി.എം. മുഖേന 2002 മുതൽ 7718 പേർക്ക് 9737.49 ഏക്കർ ഭൂമി വിതരണം ചെയ്യുകയുണ്ടായി. നിലവിൽ അത്തരം ഭൂമി ലഭിക്കാത്ത സ്ഥിതിയാണുള്ളത്.

<u>ഭൂമി വിലയ്ക്ക് വാങ്ങി നൽകുന്ന പദ്ധതി</u>

2013-14 കാലഘട്ടത്തിൽ 10 ലക്ഷം രൂപ ചെലവഴിച്ച് കുറഞ്ഞത് 25 സെന്റ് മുതൽ ഒരേക്കർ വരെ ഭൂമി വാങ്ങി നൽകുന്ന പദ്ധതി ആരംഭിക്കുകയും അപ്രകാരം ഇതുവരെ ആകെ 777 പേർക്ക് 302.3 ഏക്കർ ഭൂമി വാങ്ങി നൽകുകയും ചെയ്തിട്ടുണ്ട്.

<u>നിക്ഷിപ്ത വനഭൂമി വിതരണം</u>

ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് ബഹു. സുപ്രീം കോടതിയുടെ അനുമതിയോടു കൂടി കാസർഗോഡ്, കണ്ണൂർ, വയനാട്, മലപ്പുറം, പാലക്കാട് ജില്ലകളിൽ വിതരണത്തിനായി നിബന്ധനകളോടെ വിട്ടുനൽകിയ 19002.22 ഏക്കർ നിക്ഷിപ്ത വനഭൂമി വിതരണത്തിന് ലഭ്യമാക്കിയത് വിതരണം ചെയ്തത് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

(A) നിക്ഷിപ്ത വനഭൂമിയിൽ നിന്നും കെ.എസ്സ്.റ്റി ആക്ട് നടപ്പിലാക്കുന്നതിനായി റവന്യൂ വകുപ്പ് വിതരണം ചെയ്ത ഭൂമി സംബന്ധിച്ച വിശദ വിവരം ചുവടെ ചേർക്കുന്നു.

| ജില്ല | കേന്ദ്ര സർക്കാർ വിതരണത്തിന് അനുമതി നൽകിയ നിക്ഷിപ്ത വനഭൂമിയുടെ അളവ് (ഏക്കറിൽ) | വിതരണം ചെയ്ത ഭൂമിയുടെ അളവ് (ഏക്കറിൽ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| കാസർഗോഡ് | 91.89 | 75 | 150 (50 സെന്റ് വീതം 2017 മെയ് മാസത്തിൽ) |
| കണ്ണൂർ | 205.01 | Nil | |
| വയനാട് | 7429.95 | 486 | 660 |
| മലപ്പുറം | 502.95 | 74.73 | 28 |
| പാലക്കാട് | 10772.42 | 700 | 841 |
| ആകെ | 19002.22 | 1335.73 | 1679 |

(B) നിക്ഷിപ്ത വനഭൂമിയുടെ പ്രൊപ്പോസലിൽ ഉൾപ്പെട്ടിരുന്ന പ്രോജക്ട് ഭൂമി വിതരണം ചെയ്തത് സംബന്ധിച്ച വിവരം

| | | | |
|---|---|---|---|
| വയനാട് ജില്ല | സുഗന്ധഗിരി | 1932 ഏക്കർ | 422 പേർക്ക് |
| | പൂക്കോട് | 270 ഏക്കർ | 72 പേർക്ക് |
| | ആകെ | 2202 ഏക്കർ | 494 പേർക്ക് |

ആകെ വിതരണം ചെയ്ത ഭൂമിയുടെ അളവ് - 3,537.73 ഏക്കർ ഭൂമി

മിച്ചമുള്ള ഭൂമിയുടെ അളവ് : 19,002.22 – 3,537.73 = 15,464.49 ഏക്കർ

| ജില്ല | മിച്ചമുള്ള ഭൂമിയുടെ അളവ് |
|---|---|
| കാസർഗോഡ് | 16.89 |
| കണ്ണൂർ | 205.01 |
| വയനാട് | 4741.95 |
| മലപ്പുറം | 428.22 |
| പാലക്കാട് | 10072.42 |
| **ആകെ** | **15,464.49** |

സ.ഉ(എം.എസ്)നം.48/03/വനം തീയതി 08.10.2003-ലെ വ്യവസ്ഥകൾ പ്രകാരമാണ് നിക്ഷിപ്ത വനഭൂമി വിട്ടുനൽകുവാൻ അനുമതി നൽകിയത്. വിതരണത്തിന് അനുയോജ്യമെന്ന് കണ്ടെത്തിയ ഭൂമി വിതരണം ചെയ്താൽ തന്നെ ടി ജില്ലകളിലെ ഭൂരഹിതരായ 10,000 പേർക്ക് ഭൂമി ലഭിക്കും. വനം, റവന്യൂ വകുപ്പുകൾ മുൻകൈയെടുത്താൽ മാത്രമേ ആയത് ഫലപ്രദമായും സമയബന്ധിതമായും നടപ്പിലാക്കുവാൻ കഴിയുകയുള്ളൂ.

## വനാവകാശ നിയമം 2006 നടപ്പിലാക്കൽ

വനാവകാശ നിയമം 2006 നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പരിശോധിച്ചാൽ 30.09.2017 വരെ 592 എഫ്.ആർ.സി.കൾ മുഖേന വ്യക്തിഗത അവകാശങ്ങൾക്കുള്ള 39300 അപേക്ഷകൾ ലഭിച്ചതിൽ 7900 അപേക്ഷകൾ നിരസിക്കുകയും 25906 അപേക്ഷകൾ ജില്ലാതല സമിതി (DLC) പാസ്സാക്കി 25188 അപേക്ഷകൾക്ക് 33829.71 ഏക്കർ ഭൂമിയുടെ കൈവശാവകാശം നൽകിയിട്ടുണ്ട്. ജില്ലാതല സമിതി പാസ്സാക്കിയതിൽ 797 അപേക്ഷകൾക്ക് ഭൂമിയുടെ സ്കെച്ച് ലഭ്യമല്ലാത്തതിനാലും, കൈവശരേഖ അനുവദിച്ചവർ മരണപ്പെട്ട് പോയതിനാലും, അവകാശികൾ തമ്മിൽ തർക്കമുള്ളതിനാലും അപേക്ഷയും സ്കെച്ചും കളക്ടറേറ്റിൽ നിന്നും നഷ്ടപ്പെട്ടതിനാലും, വനം വകുപ്പ് തടസ്സവാദം ഉന്നയിച്ചതിനാലും കൈവശരേഖ നൽകുവാൻ കഴിഞ്ഞിട്ടില്ല.